ஸ்ரீ. டி. கொச்சுகிருஷ்ண பிள்ளை: இந்த காலேஜும் Medical Practitioner's Act கு உள்ப்பட்டதல்லவா?

ശ്രീ. എ. ജെ. ജാൺ: അറിവില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ആയുർവേദ കോഴ്സിനു് പഠിക്കുന്നതിനുള്ള സൗകര്യം അവക്കു കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആയുർവേദ കാളേജു ഇവിടെയുണ്ടു് അവിടെ പഠിക്കാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിൽ അഡ്മിഷൻ തടഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് നോക്കി പറയേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

കോടതികളുടെ അധികാരാതിർത്തികൾ

* ൧൫൪. (൪) ശ്രീ പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:—

(എ) താലൂക്കുകളുടെയോ, നീതിന്യായക്കോടതികളുടെയോ അധികാരാതിർത്തി ഭേദഗതി ചെയ്യുന്നതു സംബന്ധിച്ചു് എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോടതികളേയും താലൂക്കുകളേയും സംബന്ധിച്ചാണു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) അതിനെപ്പറ്റി അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

ശ്രീ. പി. നാണു: ഇപ്പോണ്ടിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തുവാൻ ഇടയുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: May I to understand that the matter is now pending with the Government?

Sri. E. John Philipose: The matter is under consideration of Government.

Sri. D. Gnanasigamoni: May I know whether it is on the recommendation of the High Court of this land?

Sri. E. John Philipose: I cannot be too sure about that now.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇങ്ങിനെ ഭേദഗതി ചെയ്യണമെന്നു് പൊതുജനങ്ങളിൽനിന്നു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ നിവേദനങ്ങളെക്കുറിച്ചു ഗവൺമെണ്ടു് എന്തു ചെയ്തു?

ശ്രീ. എ. ജെ. ജാൺ: അതു് ഗവൺമെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു.

റിട്രഞ്ചുമെൻറ്

*൧൫൫. (൫) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:—

(എ) സംസ്ഥാനത്തെ ചെലവു കുറയ്ക്കുന്നതിനു ഉദ്യോഗങ്ങളുടെ എണ്ണം കഴിയുന്നത്ര കുറയ്ക്കുണമെന്നു ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) റിട്രഞ്ചുമെൻറിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ പിരിച്ചു വിടുമ്പോൾ ഗവൺമെണ്ടിന്റെ ചില സ്ഥാപനങ്ങളും മാറ്റുകയോ നിറുത്തുകയോ ചെയ്യുന്നതാണോ;

(സി) നീതിന്യായവകുപ്പിൽ നിന്നും ൧൯൦ രൂപായും അതിനുമേലും ശമ്പളമുള്ള എത്ര ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നുണ്ടു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) ആവശ്യമില്ലാത്ത ഉദ്യോഗങ്ങൾ കുറവുചെയ്യണമെന്നു് തീരുമാനിച്ചിട്ടുണ്ടു്.

(ബി) അല്ല.

(സി) അതിനെപ്പറ്റി തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly